"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ അതിദരിദ്ര കുടുംബങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താവിന് ലൈഫ് പദ്ധതിയുടെ ഭൂരഹിത ഭവന രഹിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1083/2024/LSGD തീയതി,തിരുവനന്തപുരം, 19-06-2024

പരാമർശം:-

1. ചെറുപുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21/01/2024 ലെ എസ് സി2 4400/2023 നമ്പർ കത്ത്.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർ ഡിനേഷൻ കമ്മിറ്റിയുടെ 06/03/2024 ൽ നടന്ന യോഗത്തിന്റെ ഖണ്ഡിക 4.26 തീരുമാനം.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ കർണ്ണാടക അതിർത്തിയിലുള്ള ആറാട്ട്കടവ് എന്ന സ്ഥലത്ത് വാടക വീട്ടിൽ താമസിച്ച് വരുന്നതും വൃക്ക രോഗിയും അതിദരിദ്ര കുടുംബങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടതുമായ (EPIP ID -28666) ശ്രീ. സണ്ണിപടിക്കലിനെ, ഈ പ്രദേശത്ത് വന്യജീവി അക്രമണഭീഷണി ഉള്ളതിനാൽ ഇവിടെ താമസിച്ചിരുന്ന മുഴുവൻ പട്ടിക വർഗ്ഗക്കാരെയും സർക്കാർ പുന:രധിവസിപ്പിച്ച സാഹചര്യത്തിൽ ലൈഫ് പദ്ധതിയുടെ ഭൂരഹിത ഭവന രഹിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽണമെന്ന് ചെറുപുഴ ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചെറുപുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06/03/2024 ലെ യോഗം ഈ വിഷയം പരിശോധിച്ചു. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അഭിപ്രായം പരിഗണിച്ച്, കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ അതിദരിദ്ര കുടുംബങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ. സണ്ണിപടിക്കലിന് ലൈഫ് പദ്ധതിയുടെ ഭൂരഹിത ഭവന രഹിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് അനുമതി

നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, ചെറുപുഴ ഗ്രാമപഞ്ചായത്ത്, കണ്ണൂർ

ശ്രീ. സണ്ണിപടിക്കൽ (ചെറുപുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 20-06-2024 11:18:07
സെക്ഷൻ ഓഫീസർ